പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം T 437 | 21/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ജൈവ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നതിന് നിയന്ത്രണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്**<br>**,, കെ.മുരളീധരൻ**<br>**,, വി.ഡി.സതീശൻ**<br>**,, വി.പി.സജീന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ വസ്തുക്കൾ ജൈവം എന്ന പേരിൽ വിൽക്കുന്നതിന് ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിയന്ത്രണം കൊണ്ടു വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഭക്ഷ്യ വസ്തുക്കൾ ജൈവം എന്ന പേരിൽ വിൽക്കുന്നതിന് ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട് എന്നാൽ ടി നിബന്ധനകൾ അടങ്ങിയ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റഗുലേഷൻസ് 2017, 01.07.2018–ൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. |
| ബി) | പൂർണ്ണമായും ജൈവ രീതിയിൽ വിളയിച്ചതോ ഉത്പാദിപ്പിച്ചതോ ആയ ഭക്ഷ്യ വസ്തുക്കൾക്ക് മാത്രമാണോ ജൈവം എന്ന പേരിൽ വിൽക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | ബി) | പി.ജി.എസ് സർട്ടിഫിക്കേഷനിലൂടെയും തേഡ് പാർട്ടി സെർട്ടിഫിക്കേഷനിലൂടെയും വിളയിച്ചെടുക്കുന്ന ഉല്പന്നങ്ങൾ മാത്രമേ ജൈവം എന്ന പേരിൽ വിൽക്കുവാൻ പാടുള്ളൂ. FSSAI–യുടെ 29.12.2017–ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ CPB/03/Standards/FSSAI/2016 പ്രകാരമുള്ള ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റഗുലേഷൻസ് 2017 പാലിക്കുന്ന ഭക്ഷ്യ വസ്തുക്കൾ മാത്രമേ 01.07.2018–മുതൽ ജൈവം എന്ന നിർവചനത്തിൽ വരുകയുള്ളൂ. |
| സി) | ചുമതലപ്പെട്ട ഒരു സ്ഥാപനത്തിന്റെ സാക്ഷ്യപത്രമില്ലാതെ ജൈവം എന്ന പേരിൽ ഉത്പന്നങ്ങൾ വിൽക്കുവാൻ കഴിയുകയില്ലെന്ന വസ്തുത ചെറുകിട ജൈവ കർഷകരെയും ഉത്പാദകരെയും ബുദ്ധിമുട്ടിലാക്കിയിട്ടുള്ള സാഹചര്യം നിലനിൽക്കെ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) | പി.ജി.എസ് സർട്ടിഫിക്കേഷൻ, തേഡ് പാർട്ടി സർട്ടിഫിക്കേഷൻ കൂടാതെ ജി എ. പി. സർട്ടഫിക്കേഷൻ എന്നിവയാണ് പ്രധാനമായും ജൈവ ഉല്പന്നങ്ങൾക്ക് നൽകിവരുന്ന സർട്ടിഫിക്കറ്റുകൾ. പ്രസ്തുത സർട്ടിഫിക്കേഷനില്ലാതെ ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ അനുവദിച്ചാൽ അത് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കുമെന്നതിനാലാണ് സർട്ടിഫിക്കേഷൻ നിർബന്ധിതമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ